## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1352** **03.10.2016-ൽ മറുപടിക്ക്**

## കേരളത്തിൽ തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കേരളത്തിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ ബംഗ്ലാദേശ് പൗരത്വമുള്ളവരുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) കേരളത്തിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ ബംഗ്ലാദേശ് പൗരത്വമുള്ളവരുമായി ബന്ധപ്പെട്ട് 29 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ 1 ഉം, ആലപ്പുഴ ജില്ലയിൽ 1 ഉം കോട്ടയം ജില്ലയിൽ 1 ഉം, എറണാകുളം ജില്ലയിൽ 19 ഉം, തൃശ്ശൂർ ജില്ലയിൽ 3 ഉം, മലപ്പുറം ജില്ലയിൽ 1 ഉം, കോഴിക്കോട് ജില്ലയിൽ 3 ഉം കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ബി) കേരളത്തിൽ എത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; ഇവരുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നതിന് അവരുടെ സംസ്ഥാനവുമായി ബന്ധപ്പെട്ട് അന്വേഷണങ്ങൾ നടത്താറുണ്ടോ; | (ബി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം പ്രസ്തുത തൊഴിലാളികൾക്ക് ലേബർ കാർഡ് നൽകുന്നതിന് നിലവിൽ സംവിധാനം ഉണ്ട്. കേസുകളിൽ ഉൾപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നതിന് അവരുടെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണങ്ങൾ നടത്താറുണ്ട്. |
| (സി) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കൊലപാതക മോഷണക്കേസുകൾ എത്ര വീതമെന്ന് വിശദീകരിക്കുമോ? | (സി) 517 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 22 കൊലപാതക കേസുകളും 118 മോഷണക്കേസുകളുമാണുള്ളത്. |

സെക്ഷൻ ഓഫീസർ